**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 207** **07-06-2021 - ൽ മറുപടിയ്ക്ക്**

**വയനാട് മെഡിക്കൽ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Smt Veena George**<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | വയനാട് മെഡിക്കൽ കോളേജിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (എ) | (എ)വയനാട് ജില്ലയിൽ ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വന്ന മാനന്തവാടി ജില്ലാ ആശുപത്രി 12/02/2021- തീയതിയിലെ സ.ഉ (കൈ)നം.35/2021/ആ.കു.വ പ്രകാരം ഏറ്റെടുക്കുകയും വയനാട് മെഡിക്കൽ കോളേജായി മാറ്റുകയും ടി മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട് .നിലവിൽ 100 MBBS സീറ്റിലേക്ക് അഡ്മിഷൻ നടത്താൻ യൂണിവേഴ്സിറ്റി അഫിലിയേഷൻ ലഭിക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് .കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് മെഡിക്കൽ കോളേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന 3 നില കെട്ടിടം സി.എഫ്.എൽ.ടി.സി ആയി ജില്ലാ ഭരണകൂടം ഏറ്റെടുത്തിരിക്കുന്നതിനാൽ നിലവിൽ വയനാട് മെഡിക്കൽ കോളേജ് ഓഫീസ് പ്രവർത്തിക്കുന്നത് വയനാട് പി.ഡബ്ല്യൂ.ഡി ഇൻസ്പെക്ഷൻ ബംഗ്ലാവിലാണ്.വയനാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് 300 കോടി രൂപ കിഫ്ബി വഴി അനുവദിക്കുമെന്ന് 2021-22 ബഡ്ജറ്റ് പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്.കൂടാതെ ടി മെഡിക്കൽ കോളേജ് നിർമാണവുമായി ബന്ധപ്പെട്ട് 07/03/2020-ലെ സ.ഉ(സാധാ)നം.531/2020/ആ.കു.വ ഉത്തരവ് പ്രകാരം M/S WAPCOS-നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി തീരുമാനിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മെഡിക്കൽ കോളേജിലെ ഏതെല്ലാം തസ്തികകളിലേക്കാണ് നിയമനം നടന്നതെന്ന് അറിയിക്കാമോ ? | (ബി) | (ബി) വയനാട് മെഡിക്കൽ കോളേജിൽ അഞ്ച് അസിസ്റ്റന്റ് പ്രൊഫസർ, ഒരു സീനിയർ സൂപ്രണ്ട് , ഒരു ജൂനിയർ സൂപ്രണ്ട്, രണ്ട് ക്ലാർക്ക് എന്നീ തസ്തികകളിൽ നിയമനം നടന്നിട്ടുണ്ട്.വയനാട് മെഡിക്കൽ കോളേജിന്റെ പ്രിൻസിപ്പാളിന്റെ ചുമതല താൽക്കാലികമായി കണ്ണൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് നൽകിയിട്ടുണ്ട് .കൂടാതെ നിലവിൽ ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ